മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**(സംഗ്രഹം)**

ബി.ടെക് പ്രോഗ്രാം (2010 അഡ്മിഷൻ മുതൽ) - ഇന്റേണൽ അസസ്സ്മെന്റ് പേപ്പറുകളുടെ റീ-ഡു - അതത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നത് - അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**അക്കാദമിക് എIV വിഭാഗം**

സ.ഉ.നം: 5032/എIV/1/2017/അക്കാദമിക്    പ്രിയദർശിനി ഹിൽസ്, തീയതി: 22.06.2018

===========================================================================

വായിക്കുക:-
1. യു.ഒ. നം. 6076/AIV/1/Acad/2017 തീയതി 12/10/2017.
2. യു.ഒ. നം. 6571/AIV/1/Acad/2017 തീയതി 03/11/2017.
3. പരീക്ഷാവിജ്ഞാപനം നം. EAI/1/352/2018 തീയതി 15/01/2018.

**<u>ഉത്തരവ്</u>**

മുകളിൽ പരാമർശിച്ചിട്ടുള്ള ഒന്നും രണ്ടും പേപ്പറുകൾ പ്രകാരം അഫിലിയേറ്റഡ് കോളേജുകളിൽ നടത്തപ്പെട്ടിരുന്ന ബി.ടെക് പ്രോഗ്രാമിന്റെ (2010 അഡ്മിഷൻ മുതൽ) ഇന്റേണൽ അസസ്സ്മെന്റ് പേപ്പറുകൾക്ക് റീ-ഡു ചെയ്ത് ഗ്രേഡ്നില മെച്ചപ്പെടുത്തുന്നതിനുള്ള നിബന്ധനകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇന്റേണൽ റീ-ഡു എപ്രകാരം നടത്തണമെന്നുള്ളതു സംബന്ധിച്ച് പരീക്ഷാ വിഭാഗത്തിൽ നടന്ന ചർച്ചകളിൽ മുകളിൽ പരാമർശിച്ചിട്ടുള്ള മൂന്നാം പേപ്പർ പ്രകാരം ഒന്ന്, രണ്ട്, നാല്, ആറ്, ഏഴ് എന്നീ സെമസ്റ്ററുകളിലെ ഇന്റേണൽ അസസ്സ്മെന്റ് പേപ്പറുകളുടെ റീ-ഡുവിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ആയത് അതത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണെന്നുള്ള ശുപാർശ സമർപ്പിയ്ക്കപ്പെട്ടു. ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രോ-വൈസ് ചാൻസിലർ, അഫിലിയേറ്റഡ് കോളേജുകളിലെ 2010 അഡ്മിഷൻ മുതലുള്ള ബി.ടെക് പ്രോഗ്രാമിന് അനുവദിച്ചിട്ടുള്ള ഇന്റേണൽ റീ-ഡുവിന് മുകളിൽ പരാമർശിച്ച മൂന്നാം പേപ്പർ വിജ്ഞാപനമനുസരിച്ച് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക്, മേൽ വിവരിച്ചിരിക്കുന്ന റീ-ഡു അതത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ചുതന്നെ നടത്തുന്നതിന് അംഗീകാരം നല്കി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**രമേഷ് നാരായൺ**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
3. പ്രിൻസിപ്പാൾമാർ, എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ
4. ഡീൻ, ഫാക്കൾറ്റി ഓഫ് എഞ്ചിനീയറിംഗ്
5. എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷ)
6. ഇ.ബി. II/സിസ്റ്റം അഡ്മിൻ/ CETEX/ബി.ടെക്/ടാബുലേഷൻ സെക്ഷനുകൾ
7. പി.ആർ.ഒ/ഇൻഫൊ സെന്ററുകൾ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
8. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

ഫയൽ നം. എസിഎIV/01/121/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം